LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം

367 [2426] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്ന് പ്രൊമോഷൻവഴി നികത്താവുന്ന പ്ലസ്ടു അദ്ധ്യാപകരുടെ ഒഴിവുകൾ എത്ര; നേരിട്ട് നിയമനം നടത്തേണ്ടതായ പ്ലസ്ടു അദ്ധ്യാപകരുടെ ഒഴിവുകൾ എത്ര;

(ബി) പി.എസ്.സി. തയ്യാറാക്കിയ പ്ലസ്ടു അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിന്നും ഈ വർഷം എത്ര പ്ലസ്ടു അദ്ധ്യാപകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) സർവ്വീസിൽ നിന്ന് പ്രൊമോഷൻവഴി നികത്താവുന്ന പ്ലസ്ടു അദ്ധ്യാപകരുടെ 255 തസ്തികകൾ ഇപ്പോൾ ഒഴിവുണ്ട്. ഇതിൽ 198 എണ്ണം എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികകളും 57 എണ്ണം എച്ച്.എസ്.എസ്.ടി. തസ്തികകളുമാണ്.

(ബി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഏതാനും ചില വിഷയങ്ങളിലുള്ള റാങ്ക് ലിസ്റ്റ് പി.എസ്.സി. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ ഇപ്പോൾ ഒഴിവുള്ള 3846 വേക്കൻസികൾ [2383 എച്ച്.എസ്.എസ്.ടി. 1463 എച്ച്.എസ്.എസ്.ടി. (ജൂനിയർ)] ഇതിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എസ്.സി.ഇ.ആർ.ടി.-യിൽ നിയമനങ്ങൾക്കുള്ള മാനദണ്ഡം

368 [2427] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. രാജു എബ്രഹാം:
„ കെ. വി. കുഞ്ഞിരാമൻ:
„ കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി.-യിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;